I ഇ.ബി. XIV - കേരള നിയമസഭ /VII-8

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 18, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I ശ്രദ്ധക്ഷണിക്കൽ

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

പ്രധാന റോഡുകൾ ഏറ്റെടുക്കൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: ജില്ലാ പഞ്ചായത്തുകളുടെ

കൈവശമുള്ളതും പൊതുമരാമത്ത് റോഡുകളുടെ മാനദണ്ഡം പാലിക്കുന്നതുമായ സംസ്ഥാനത്തെ പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണം. റോഡുവികസനം ഘട്ടംഘട്ടമായി നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും റോഡ് വികസനത്തിനും അറ്റകുറ്റപ്പണികൾക്കും അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കുകയും ചെയ്യണം. സംസ്ഥാന റോഡ് വികസനത്തിനായുള്ള ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഈ സാമ്പത്തിക വർഷം ആരംഭിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് പരിപാലനം കൃത്യമായി നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബുദ്ധിമുട്ടുന്നുണ്ട്. റോഡ് വികസനവുമായി ബന്ധപ്പെട്ട് കക്ഷിരാഷ്ട്രീയ ഭേദമെന്യേ ലഭിച്ച നിർദ്ദേശങ്ങളും പരാതികളും ക്യാബിനറ്റ് പരിശോധിക്കുകയും റോഡ് വികസനത്തിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കാൻ നിർദ്ദേശിച്ചിരിക്കുകയുമാണ്.

## II സബ്മിഷൻ

### (1) കുടിവെള്ള ക്ഷാമം

ശ്രീ. എം. സ്വരാജ്: തൃപ്പൂണിത്തുറയിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): തൃപ്പൂണിത്തുറയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി 'ചൂണ്ടി പദ്ധതി'ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. സംസ്ഥാനത്തെ നിരവധി പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര നിർദ്ദേശങ്ങളിന്മേൽ ശക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സഹായം ലഭിക്കാത്തതിന്റെ പേരിൽ ചൂണ്ടി പദ്ധതി നടപ്പാക്കുന്നതിൽ തടസ്സമുണ്ടാകില്ല. വാട്ടർ അതോറിറ്റിയും പി.ഡബ്ല്യൂ.ഡി.യും തമ്മിലുള്ള പ്രശ്നങ്ങൾ സംയുക്ത പരിശോധനയിലൂടെ പരിഹരിച്ച് പൈപ്പുകൾ പൂർണ്ണമായും മാറ്റിയിടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) റോഡ് പുനർനിർമ്മാണവും ടോൾ പിരിവ് നിർത്തലാക്കലും

ശ്രീ. മുഹമ്മദ് മുഹസിൻ പി.: ഷൊർണ്ണൂർ-പെരിന്തൽമണ്ണ സംസ്ഥാനപാതയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുന്നതിനും പുലാമന്തോൾ പാലത്തിലെ ടോൾപിരിവ് അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പെരിന്തൽമണ്ണ റോഡ് നിർമ്മാണ പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്ന വിജിലൻസ് റിപ്പോർട്ട് ത്വരിതഗതിയിൽ സമർപ്പിക്കുന്നതിനും റോഡ് നിർമ്മാണം

പൂർത്തിയാക്കാൻ അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ടോൾ പിരിവ് നിർത്തലാക്കുന്നത് സംസ്ഥാന സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നതിനാൽ അക്കാര്യത്തിൽ നയപരമായി തീരുമാനമെടുക്കേണ്ടതുണ്ട്.

(3) റെയിൽപാത

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: നിലമ്പൂർ-നഞ്ചങ്കോട് റെയിൽപാത യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നിലമ്പൂർ-നഞ്ചങ്കോട് റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിന് കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് ബദൽ അലൈൻമെന്റ് ഉണ്ടാക്കി പദ്ധതി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

(4) റെയിൽവേ മേൽപ്പാലം

ശ്രീ. കെ. ജെ. മാക്സി: വാത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പോർട്ട് ട്രസ്റ്റ് ചെയർമാനും കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളും ചേർന്ന ട്രൈപാർ**ട്ടൈറ്റ്** എഗ്രിമെന്റ് പ്രകാരം നൽകേണ്ട 13.91 ഏക്കർ സ്ഥലത്തിന്റെ കാര്യത്തിൽ

തീരുമാനമായാൽ മാത്രമേ പ്രസ്തുത പാലത്തിനുള്ള കരട് അലൈൻമെന്റ് പ്ലാനിന് എൻ.ഒ.സി. നൽകാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൊച്ചി തുറമുഖ ട്രസ്റ്റിന്റെ അനുമതി നേടുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. നേവിയുടെയും തുറമുഖ ട്രസ്റ്റിന്റെയും അനുവാദം ലഭിച്ചാൽ കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കാൻ സാധിക്കും.

(5) എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. ഡി. കെ. മുരളി: വാമനപുരം നിയോജക മണ്ഡലത്തിലെ പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ആദിവാസി ഊരുകളും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളും ഉൾപ്പെടുന്ന പാലോട്, മാടത്തറ എന്നിവിടങ്ങളിൽ കഞ്ചാവ് വില്പനയും ഉപഭോഗവും വ്യാപകമാകുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിന് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണമെന്നും പുതിയ റേഞ്ച് ഓഫീസ് ആരംഭിക്കണമെന്നുമുള്ള നിർദ്ദേശം എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് തുടർനടപടി

സ്വീകരിക്കുന്നതാണ്.

(6) സർക്കാർ കോളേജ്

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ സർക്കാർ കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത, സ്ഥലലഭ്യത, അടിസ്ഥാന സൗകര്യലഭ്യത തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

(7) സ്പെഷ്യൽ സ്കൂൾ

ശ്രീ. വി. ടി. ബൽറാം: മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനും അവരുടെ ആവശ്യങ്ങൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള നാനൂറോളം രജിസ്റ്റേർഡ് വിദ്യാലയങ്ങളിൽ ഒരു സർക്കാർ സ്കൂളും 65 ബഡ്സ് സ്കൂളുകളും ഉൾപ്പെടുന്നു. ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന ഗ്രാന്റുകൾ നൽകിവരുന്നുണ്ട്.

എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പാഠപുസ്തകങ്ങളും ഹാൻഡ് ബുക്കുകളും ലഭ്യമാക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന 100 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(8) അരുവിക്കരയിൽ സർക്കാർ കോളേജ്

ശ്രീ. കെ. എസ്. ശബരീനാഥൻ : അരുവിക്കര മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണമെന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## III റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

(2) 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ടും കമ്മിറ്റിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

IV **അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) ഐ.ടി. മേഖലയിലെ പ്രതിസന്ധി

(2017 മേയ് 19-ാം തീയതി ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ. അവതരിപ്പിച്ച പ്രമേയം )

(തുടർ ചർച്ച)

ശ്രീ. കെ. എസ്. ശബരീനാഥൻ: ഇന്ത്യയിൽ 39 ലക്ഷം പേർ ജോലി ചെയ്യുന്ന ഐ.ടി. മേഖലയിൽ പത്ത് ലക്ഷത്തോളം പേർ മലയാളികളാണ്. ഓട്ടോമേഷൻ വ്യാപകമായതോടെ പല മേഖലകളിലും ജീവനക്കാരുടെ ആവശ്യം ഇല്ലാതെയായിരിക്കുന്നു. അമേരിക്കയിലെ വിസ നിയന്ത്രണത്തിന്റെയും മറ്റ് പല രാജ്യങ്ങൾ സ്വദേശിവത്കരണം നടപ്പാക്കുന്നതിന്റെയും ഫലമായി

ഇന്ത്യാക്കാർക്കുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രവർത്തനമികവില്ലെന്നുള്ള കാരണം പറഞ്ഞ് വ്യക്തമായ മാനദണ്ഡമില്ലാതെ കമ്പനികൾ ജീവനക്കാരെ പിരിച്ചുവിടുകയാണ്. ഐ.ടി. മേഖലയിലെ തൊഴിൽ നിയമങ്ങളും പ്രവർത്തന മാനദണ്ഡങ്ങളും സംബന്ധിച്ച് വ്യക്തതയുണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. ടി. ബൽറാം: പ്രമേയത്തെ പിന്താങ്ങുന്നു. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവർ വിവിധങ്ങളായ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരുവിധ മുന്നറിയിപ്പുമില്ലാതെയാണ് ജീവനക്കാരെ പിരിച്ചുവിടുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്ന വനിതകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് പിന്നോക്ക വിഭാഗക്കാരും ഗ്രാമീണരും വിവിധ തരത്തിലുള്ള ചൂഷണത്തിന് വിധേയരാകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തി നിയമനിർമ്മാണം കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. സ്വരാജ്: പ്രമേയത്തെ പിന്താങ്ങുന്നു. ഐ.ടി. മേഖലയിലെ വികസനത്തിന്റെയും വളർച്ചയുടെയും അനന്ത സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ട് മികച്ച തുടക്കം കുറിക്കാൻ സംസ്ഥാനത്തിന് സാധിച്ചുവെങ്കിലും കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. അയൽ സംസ്ഥാനങ്ങളുമായി

താരതമ്യം ചെയ്യുമ്പോൾ ഐ.ടി. മേഖലയിൽ വാർഷിക കയറ്റുമതി വരുമാനത്തിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളുടെ അഭാവം ഈ രംഗത്തുണ്ട്. ഐ.ടി. അധിഷ്ഠിത കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി നവീകരിക്കണം. തൊഴിലാളികളുടെ പിരിച്ചുവിടലുമായി ബന്ധപ്പെട്ട് ഏകപക്ഷീയമായ നിലപാടുകളാണ് ഐ.ടി. കമ്പനികൾ സ്വീകരിച്ചുവരുന്നത്. ഇത്തരം സ്ഥിതിവിശേഷങ്ങൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. ഐ.ടി. രംഗം ആഗോളതലത്തിൽപ്പോലും വലിയ സാമ്പത്തിക മാന്ദ്യം നേരിടുകയാണ്. സംസ്ഥാനത്ത് നിരവധി ക്ഷേമ പദ്ധതികൾ നിലവിലുണ്ടെങ്കിലും ഈ രംഗത്തെ ജീവനക്കാർക്ക് യാതൊരു തൊഴിൽ സുരക്ഷയും ലഭിക്കുന്നില്ല. ഐ.ടി. കമ്പനികൾ മനുഷ്യ വിഭവശേഷിയെ പരമാവധി ചൂഷണം ചെയ്യുകയാണ്. ടി വിഷയം സംബന്ധിച്ച് കൃത്യമായ പഠനം നടത്തി സമയബന്ധിതമായി റിപ്പോർട്ട് തയ്യാറാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: പ്രമേയത്തെ പിന്താങ്ങുന്നു. ഐ. ടി. മേഖലയിലെ ജീവനക്കാർ പലവിധ ചൂഷണങ്ങൾക്കും വിധേയരാകുകയാണ്. യാതൊരു ട്രേഡ് യൂണിയൻ പരിരക്ഷയും ഇവർക്ക് ലഭിക്കുന്നില്ല. മനുഷ്യാവകാശ

ലംഘനമാണ് ഈ മേഖലയിൽ നടക്കുന്നത്. കാലിക പ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ ഇതിനെ ഗൗരവമായി കാണണം.

മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ആഗോളതലത്തിലെ മാറ്റങ്ങളും സേവന-വേതന നിയമങ്ങൾ സൃഷ്ടിച്ച പ്രതിസന്ധികൾ തടയാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനുമാണ് സർക്കാർ വിവരസാങ്കേതിക നയം പ്രഖ്യാപിച്ചത്. ഐ.ടി. ഹാർഡ് വെയറിന് ഊന്നൽ നൽകുന്നതിന് ഹാർഡ് വെയർ മിഷൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുള്ള വൈഫൈ ഹോട്ട് സ്പോട്ട് സ്ഥാപിച്ചും സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് പിന്തുണ നൽകിയും പുതിയ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും. സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ് എന്നിവയിൽ മനുഷ്യവിഭവശേഷി ഉറപ്പുവരുത്തിക്കൊണ്ട് 'സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം കേരള' എന്ന ശൃംഖല വഴി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളെയും ബന്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രമേയം അംഗീകരിക്കുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (2) റെയിൽവേയുടെ സ്വകാര്യവൽക്കരണം

ശ്രീ. മുരളി പെരുനെല്ലി: " രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ പ്രാരംഭഘട്ടം മുതൽ തന്നെ പൊതുമേഖലയിൽ നിലനിർത്തിയ ഇന്ത്യൻ റെയിൽവേ കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായ സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കാര്യം എടുത്താൽ 2008-ൽ പ്രഖ്യാപിച്ച പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി അതോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ കോച്ച് ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടും തറക്കല്ലിൽ ഒതുങ്ങി നിൽക്കുന്നു. പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും നിശ്ചലമെന്ന് പറയാവുന്ന രീതിയിൽ ഇഴഞ്ഞു നീങ്ങുന്നു. പാലക്കാട് ഡിവിഷനെ വെട്ടിമുറിച്ചതു കൂടാതെ തിരുവനന്തപുരം ഡിവിഷനെയും വെട്ടിമുറിക്കാൻ നീക്കം നടത്തുന്നു. സർക്കാർ മുതൽമുടക്കിൽ നിന്ന് പിൻമാറിയശേഷം പൊതുമുതൽ സ്വകാര്യ മുതലാളിമാർക്കു ലഭ്യമാക്കാനായി വികസനത്തിനെന്ന വ്യാജേന റെയിൽവേ സ്റ്റേഷനുകളെ സ്വകാര്യവൽകരിക്കാൻ തീരുമാനം എടുത്തിരിക്കുന്നത് രാജ്യതാല്പര്യത്തിന് ഗുണകരമല്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽക്കരിക്കാൻ എടുത്ത തീരുമാനത്തിൽ നിന്ന്

കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു " എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കേരളത്തിന്റെ റെയിൽവേ വികസനാവശ്യങ്ങൾ കാലാകാലങ്ങളിലെ കേന്ദ്ര സർക്കാരുകൾ അവഗണിക്കുകയാണ്. കഞ്ചിക്കോട് കോച്ച് ഫാക്ടറി ഹരിയാനയിലേയ്ക്ക് മാറ്റാനുള്ള കേന്ദ്ര സർക്കാർ നീക്കം രാഷ്ട്രീയപ്രേരിതമാണ്. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാനുള്ള വ്യവസ്ഥ വയ്ക്കാത്തത് അപലപനീയമാണ്. ജീവനക്കാരുടെ ഏകോപനമില്ലാത്തതിനാൽ പിറ്റ് ലൈൻ പദ്ധതിയും തീർത്ഥാടന പാതകളുടെ നവീകരണവും അനിശ്ചിതമായി നീളുകയാണ്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും കോഴിക്കോട് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറേണ്ടതും എറണാകുളം കേന്ദ്രീകരിച്ച് പുതിയ റെയിൽവേ സോൺ ആരംഭിക്കേണ്ടതുമാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാർ റെയിൽവേയെ ഘട്ടംഘട്ടമായി സ്വകാര്യവൽക്കരിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽ അധികാരത്തിൽവരുന്ന റെയിൽവേ

മന്ത്രിമാർ കേരളത്തോട് കാണിക്കുന്ന അവഗണന തുടർന്നുകൊണ്ടിരിക്കുകയാണ്. നെട്ടൂർ റെയിൽവേ സ്റ്റേഷൻ നഷ്ടമാണെന്ന് പറഞ്ഞ് അവിടെ ഒരു തീവണ്ടിയും നിർത്തേണ്ടതില്ലെന്ന് തീരുമാനമെടുത്തിരിക്കുകയാണ്. എറണാകുളത്തെ ഓൾഡ് റെയിൽവേ സ്റ്റേഷന്റെ ഭൂമിയിൽ സബർബൻ സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യം ഇതുവരെ നടപ്പാക്കിയിട്ടില്ല. അന്താരാഷ്ട്ര നിലവാരമുള്ള റെയിൽവേ സ്റ്റേഷനായി എറണാകുളം റെയിൽവേ സ്റ്റേഷനെ ഉയർത്തുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായിരുന്നുവെങ്കിലും നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളൊന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല നിലവിലുള്ള റെയിൽവേ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട് ആ ഭൂമിയടക്കം കേന്ദ്ര സർക്കാർ സ്വകാര്യ മുതലാളിമാർക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്. അതിനെതിരെ ശക്തമായ പ്രതിഷേധമുയർത്താൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ തയ്യാറാകണം.

<u>ശ്രീ. അൻവർ സാദത്ത്</u>: കേരളത്തിലെ റെയിൽവേയോട് കടുത്ത അവഗണനയാണ് കേന്ദ്രം കാണിക്കുന്നത്. എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കുന്നതിനും പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുന്നതിനും നടപടി സ്വീകരിക്കണം. റെയിൽവേ സ്വകാര്യവൽക്കരിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്കുവേണ്ടിമാത്രം ഭരിക്കുന്ന ഒരു ഗവൺമെന്റായി ഇന്ന് കേന്ദ്ര ഗവൺമെന്റ് മാറിയിരിക്കുകയാണ്. അതിനെ ശക്തമായി എതിർക്കുന്നതിനും ഈ

പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തയ്യാറാകണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : റെയിൽവേയുടെ കാര്യത്തിൽ കേരളത്തോട് കടുത്ത അവഗണനയാണ് കേന്ദ്ര സർക്കാർ വച്ചുപുലർത്തുന്നത്. കേരളത്തിലെ റെയിൽവേയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉത്തരവാദപ്പെട്ട ഓഫീസുകൾ മറ്റ് സംസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. കേരളത്തിലെ മിക്ക റെയിൽപ്പാതകളും അപകടകരമായ അവസ്ഥയിലാണുള്ളത്. പ്രാരംഭകാലത്തുണ്ടായിരുന്ന സൗകര്യങ്ങൾ മാത്രമാണ് ഇപ്പോഴും റെയിൽവേ സ്റ്റേഷനുകളിലുള്ളത്. കേരളത്തിലൂടെ സഞ്ചരിക്കുന്ന ട്രെയിനുകളുടെ ബോഗികളിൽ പലതും ദ്രവിച്ചതും ക്ഷുദ്രജീവികളുടെ ശല്യം അനുഭവപ്പെടുന്നവയുമാണ്. റെയിൽവേയെ വിൽക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾക്കെതിരെ ഏകകണ്ഠമായ നിലപാട് സ്വീകരിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി</u> : കേരളത്തിലൂടെ സഞ്ചരിക്കുന്ന ട്രെയിനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും ലിഫ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എല്ലാ സ്റ്റേഷനുകളിലും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. എറണാകുളം കേന്ദ്രമായി ഒരു റെയിൽവേ ഡിവിഷൻ അനുവദിക്കണം. കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ ശക്തമായി പ്രതികരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : റെയിൽവേയുമായി ബന്ധപ്പെട്ട് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുമ്പ് സഭ ചർച്ച ചെയ്യുകയും സഭയുടെ പൊതുവികാരം പ്രകടിപ്പിച്ചുകൊണ്ട് റെയിൽവേയുടെ ചുമതല വഹിക്കുന്ന പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി റെയിൽവേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അനൗദ്യോഗിക പ്രമേയം അംഗീകരിക്കുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (3) ദളിത് പീഡനം

ശ്രീ. അൻവർ സാദത്ത് : "സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള, പ്രത്യേകിച്ച് ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. പോലീസ് സ്റ്റേഷനുകളിൽ പോലും ഈ വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്കെതിരെ അതിക്രമങ്ങളുണ്ടാവുകയും ദേശീയ പട്ടികജാതി കമ്മീഷൻ ഇതിൽ ഗൗരവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഗൗരവമായ നടപടികളൊന്നും ഉണ്ടാകുന്നില്ലായെന്നതിൽ ഈ സഭ

അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതിക്രമങ്ങൾ തടയുന്നതിന് മുഖം നോക്കാതെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം സംസ്ഥാനത്ത് 12 ദളിതർ കൊല്ലപ്പെടുകയും 155 ദളിത് സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെടുകയും 851 ദളിത് പീഡന കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുമുണ്ടായി. കണ്ണൂരിൽ കൈക്കുഞ്ഞുങ്ങളുമായി രണ്ട് ദളിത് സഹോദരിമാരെ ജയിലിലടയ്ക്കുകയും വാളയാറിൽ രണ്ട് ദളിത് പെൺകുട്ടികൾ പീഡനത്തിനിരയായി ആത്മഹത്യ ചെയ്യുകയും ചെയ്തു. മൂവാറ്റുപുഴയിൽ മോഷണക്കുറ്റം ആരോപിച്ച് ദളിത് യുവാവിനെ പോലീസ് ക്രൂരമായി മർദ്ദിച്ചു. തൃശ്ശൂരിൽ വിനായകൻ എന്ന ദളിത് യുവാവിനെ തലമുടി നീട്ടിവളർത്തിയതിന് പോലീസ് ക്രൂരമായി മർദ്ദിക്കുകയും പിന്നീട് അയാൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പഠിക്കാൻ അവസരം ലഭിച്ച ആദിവാസി യുവാവിന്റെ സ്കോളർഷിപ്പ് തടഞ്ഞുവച്ചു. പീഡന കേസുകളിൽ ദളിതർക്കെതിരായ നിലപാടാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ദളിത് വിഭാഗങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന സമീപനം തന്നെയാണ് കേന്ദ്ര സർക്കാരും സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ

തടയുന്നതിന് സമയോചിതമായ ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. എസ്. ശർമ്മ.: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1. മൂന്നാമത്തെ പ്രമേയത്തിന്റെ ആരംഭത്തിൽ "1990 കളിൽ രാജ്യത്ത് തുടക്കം കുറിച്ച ഉദാരവൽക്കരണ നയങ്ങൾ മൂലം" എന്നു ചേർക്കുക.

2. "സംസ്ഥാനത്ത് വർദ്ധിച്ച് വരികയാണ്" എന്നതിനുപകരം "മുൻ സർക്കാരിന്റെ കാലത്ത് വ്യാപകമായിരുന്നു" എന്നു ചേർക്കുക.

3. "നീതി ലഭിക്കുന്നില്ല' എന്നതിനു പകരം "നീതി ലഭിച്ചിരുന്നില്ല" എന്നു ചേർക്കുക.

4. "ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം" എന്നതിനുപകരം "അക്കാലത്ത്" എന്ന് ചേർക്കുക.

5. "അതിക്രമങ്ങൾ തടയുന്നതിന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും" എന്നുവരെയുള്ള വാക്കുകൾക്ക് പകരമായി "ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ നടക്കുന്നതായി പറയപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക.

## VIII ക്രമപ്രശ്നം

ഭേദഗതികൾ നിരാകരിക്കണമെന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: പ്രമേയത്തിന്റെ അന്ത:സത്തയ്ക്ക് ചേരാത്ത

ഭേദഗതികളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. നെഗറ്റീവ് സ്വഭാവത്തോടെയുള്ള ഭേദഗതികളായതിനാൽ അവ നിരാകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: സഭയിൽ അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ അന്ത:സത്തയെ പൂർണ്ണമായി നിരാകരിക്കുന്നതോ ഡിഫീറ്റ് ചെയ്യുന്നതോ നെഗറ്റിവൈസ് ചെയ്യുന്നതോ ആയ ഭേദഗതികൾക്ക് മാത്രമേ ചട്ടപ്രകാരം അവതരണാനുമതി നിഷേധിക്കുവാൻ കഴിയുകയുള്ളൂ. കീഴ്വഴക്കവും അപ്രകാരമാണ്. ശ്രീ. എസ്. ശർമ്മ നൽകിയിട്ടുള്ള ഭേദഗതികൾ ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും നിരാകരിക്കുകയോ അതിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുകയോ അല്ല; പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ സാരമായ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. അതിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും ഉള്ളതായി കരുതുന്നില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(ചർച്ച തുടർച്ച)

ശ്രീ. വി. പി. സജീന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു. എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുകയാണ്. ബി.ജെ.പി. ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും പട്ടികജാതിക്കാർ വേട്ടയാടപ്പെടുന്ന സ്ഥിതിയുണ്ട്. പോലീസ് മർദ്ദനത്തെ തുടർന്ന്

ആത്മഹത്യ ചെയ്ത വിനായകൻ എന്ന ദളിത് യുവാവിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. സ്വാതന്ത്ര്യം ലഭിച്ച് എഴുപത് വർഷങ്ങൾക്കുശേഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കടുത്ത അവഗണന നേരിടുകയാണ്. നിലവിലുള്ള നിയമ സംവിധാനങ്ങൾ ഈ വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമാകുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ നന്മയ്ക്കായും ദളിത് പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനും യോജിച്ച് പ്രവർത്തിക്കാൻ കഴിയണം.

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ കേസിൽപ്പെടുത്താനും എസ്.സി.-എസ്.ടി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് ദുരുപയോഗപ്പെടുത്താനുമുള്ള ശ്രമങ്ങൾക്ക് തടയിടണം. ദളിത് വിഭാഗങ്ങൾക്കെതിരെയുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകണം.

ശ്രീ. ബി. സത്യൻ: അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പേരിൽ പല സംസ്ഥാനങ്ങളിലും ദളിത് വിഭാഗങ്ങൾ പീഡിപ്പിക്കപ്പെടുകയാണ്. മുൻ

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നിരവധി അക്രമ സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്ന തിനുശേഷമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കളുടെ ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസ മേഖലയുൾപ്പെടെയുള്ള എല്ലാ രംഗങ്ങളിലും അർഹമായ പരിഗണന നൽകുകയും ചെയ്തത്. ദേശീയതലത്തിൽ നടക്കുന്ന ദളിത് പീഡനങ്ങൾക്കെതിരെ യോജിച്ച പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങണം.

<u>ശ്രീമതി സി. കെ. ആശ</u>: പ്രമേയത്തെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ, ദളിത് പീഡനങ്ങൾക്കെതിരെ മാതൃകാപരവും നിയമ പരവുമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകാൻ എക്കാലവും തയ്യാറായിട്ടുള്ളത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചു വരികയാണെന്ന പ്രമേയത്തിലെ പരാമർശം അടിസ്ഥാനരഹിതമാണ്. ഈ

വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് സമയബന്ധിതമായി കോടതിയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഫലപ്രദമായ അവലോകന സംവിധാനം നിലവിലുണ്ട്. ഇത്തരം കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികൾ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സത്വര നടപടി കൈക്കൊണ്ടുവരികയാണ്. ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവിയുടെ അധ്യക്ഷതയിൽ അവലോകനയോഗവും മൂന്നുമാസം കൂടുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റി യോഗവും നടത്തിവരുന്നു. പോലീസ് സംവിധാനം ഉപയോഗപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് കോളനികളിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനും സമഗ്രവികസനത്തിനും പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ

ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ പ്രമേയം അംഗീകരിക്കുന്നില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(4) ജൈവ സമ്പത്ത് സംരക്ഷിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: " അന്തരീക്ഷ ഊഷ്മാവ് $2^{0}$ C മുതൽ $6^{0}$ C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുള്ളതിനാൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽപ്പോലും നമുക്ക് ജീവിക്കാൻ കഴിയാതായിരിക്കുന്നു. ഓരോ വർഷവും പുതിയ കാർഷിക കലണ്ടറിന് രൂപം കൊടുക്കേണ്ട സാഹചര്യവും ഉണ്ടായിരിക്കുന്നു. നമ്മുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നു നാം അനുഭവിക്കുന്നതൊക്കെയും കഴിഞ്ഞ തലമുറ നമുക്കുവേണ്ടി കരുതിവച്ചിരുന്നതാണ്. വരും തലമുറകൾക്കും പ്രകൃതിയുടെ അമൂല്യശേഖരം കൈമാറേണ്ടതുണ്ട്. ഓരോ വികസനവും ഉണ്ടാകുമ്പോൾ നമുക്ക് നഷ്ടമാകുന്നത് എന്ത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. വായു, ജലം, മണ്ണ് ഇതിന്റെ പ്രാധാന്യവും മൂല്യവും പുതുതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. പാഠ്യതലങ്ങൾക്കപ്പുറം പ്രായോഗിക തലങ്ങളിൽ പുതുതലമുറയെ അത് ബോധ്യപ്പെടുത്താൻ ഉതകുന്ന പ്രായോഗിക നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം

അവതരിപ്പിക്കുന്നു. വർദ്ധിച്ചുവരുന്ന ആഗോള താപനംമൂലം മഴലഭ്യത കുറഞ്ഞതിനാൽ ജൈവ സമ്പത്തിൽ വൻതോതിൽ ഇടിവുണ്ടായിരിക്കുകയാണ്. ഭൂഗർഭ ജലത്തിന്റെ അളവിനെ ദോഷകരമായി ബാധിക്കുന്ന മരങ്ങൾ കണ്ടെത്തി അവ നട്ടുപിടിപ്പിക്കുന്നത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. പരിസ്ഥിതി സംരക്ഷണം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടിട്ടുള്ള മരങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തണം. പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. വർദ്ധിച്ചുവരുന്ന പ്രകൃതി ചൂഷണംമൂലം കാലാവസ്ഥയിൽ വൻതോതിലുള്ള വ്യതിയാനം വന്നിരിക്കുകയാണ്. അശാസ്ത്രീയമായി മരങ്ങൾ മുറിച്ചുമാറ്റുന്നതിലൂടെ ജൈവസമ്പത്തിന് കോട്ടം സംഭവിച്ചിട്ടുണ്ട്. വരുംതലമുറയ്ക്കുവേണ്ടി പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള ജനകീയ അവബോധം സൃഷ്ടിക്കുന്നതിനായി ഈ പ്രമേയം അംഗീകരിക്കണം.

<u>ശ്രീ. കെ. എം. ഷാജി</u>: പ്രമേയത്തെ പിന്താങ്ങുന്നു. പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്ന കണ്ടൽ വനങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മഴവെള്ളം നഷ്ടപ്പെടാതെ സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. സി. കെ. ശശീന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും നേരിടുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന ഹരിതകേരളം മിഷൻ പോലുള്ള പദ്ധതികൾ വിജയിപ്പിക്കണം. കെട്ടിടങ്ങളുടെയും റോഡുകളുടെയും അശാസ്ത്രീയമായ നിർമ്മാണം, ഖനനം, വയൽ നികത്തൽ തുടങ്ങിയവയ്ക്ക് നിയന്ത്രണം കൊണ്ടുവരണം. പരിസ്ഥിതി സംരക്ഷണം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം കാത്തുസൂക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള പരിസ്ഥിതി അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഒരു പരിസ്ഥിതി കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം സംബന്ധിച്ച് പഠിക്കുന്നതിനും ഗവേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ക്ലൈമറ്റ് ചെയ്ഞ്ച് നോളഡ്ജ് സെല്ലും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ആഘാതങ്ങൾ കുറയ്ക്കുന്നതിനായി ഹരിതകേരളം മിഷൻ പദ്ധതിയും നടപ്പിലാക്കിവരികയാണ്. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും

പങ്കാളികളാക്കുകയെന്ന ഉദ്ദേശത്തോടെ 1336 ജൈവവൈവിധ്യ ക്ലബ്ബുകളും പരിസ്ഥിതി അവബോധം വളർത്തുന്നതിനായി 324 ഭൂമിത്ര സേനാ ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ചിന്നാർ വന്യജീവി സങ്കേതത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും പ്രദേശവാസികളുടെ ജീവിതോപാധി മെച്ചപ്പെടുത്താനുമുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മനുഷ്യ നിർമ്മിത ജൈവവൈവിധ്യ പദ്ധതി മുഖേന അപൂർവ്വ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്ന ഒരു ജൈവ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ നേരിടാനാവശ്യമായ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ പ്രമേയം അംഗീകരിക്കുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(സഭ ഉച്ചയ്ക്കുശേഷം 12.27-ന് പിരിഞ്ഞു.)

* * * * * * * * * *